Day 46of 90 days ✝✝✝ 10th December 2017

# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

വിവിധ ചിന്തകളാൽ മനസ്സു വ്യാകുലപ്പെട്ടിരിക്കുന്ന നാം മനസ്സിലാക്കേണ്ടത്, നമ്മുടെ ഇടയൻ ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ചെയ്യുന്നില്ല. അവൻ നമ്മെ കാത്തുകൊണ്ടിരിക്കുകയാണ്. നാം അവന്റെ വാക്കുകൾ കേൾക്കുകയും അവന്റെ വഴികളിൽ നടക്കുകയും ചെയ്യുമെങ്കിൽ അവൻ നമ്മുടെ ശത്രുവിനെ കീഴടക്കുകയും നമ്മുടെ വൈരിയുടെ നേരെ കൈ തിരിക്കുകയും ചെയ്യും. യാതൊരു അനർത്ഥവും നമുക്ക് ഭവിക്കുകയില്ല. ആകയാൽ ധൈര്യപ്പെടുക, സ്വസ്ഥനായിരിക്കുക. എല്ലാ വിധ ഭയങ്ങളിൽ നിന്നും സ്വതന്ത്രനായിരിക്കുക. സുഖമായി കിടക്കുക, വിശ്രമിക്കുക. നമ്മുടെ പല പ്രശ്നങ്ങൾക്കും കാരണം നമ്മുടെ അകാരണമായ ഭയമാണ്. ആ ഭയം നമ്മെ അലട്ടുന്നു. അത് നമ്മെ ക്ഷീണിപ്പിക്കുന്നു. നമ്മുടെ അനുഗ്രഹങ്ങളെ കവർന്നെടുക്കുന്നു. ബലഹീനനും രോഗിയുമാക്കിത്തീർക്കുന്നു. എന്നാൽ കർത്താവിന്റെ ജീവനുള്ള വചനം നമ്മെ ധൈര്യപ്പെടുത്തട്ടെ, തല ഉയർത്തുക. ഇടയൻ നമ്മോടുകൂടെ ഉണ്ട്. ശത്രു നമ്മെ സ്പർശിക്കുക പോലുമില്ല. അവൻ നമ്മെ വിടുവിക്കുകയും ഉയർത്തുകയും നമ്മെ മഹത്വപ്പെടുത്തുകയും ചെയ്യും. ധൈര്യപ്പെടുക, ഇടയനോട് ചേർന്നിരിക്കുക. അവന്റെ വാക്കുകൾ കേൾക്കുക, അവന്റെ വഴിയിൽ നടക്കുക.

കർത്താവായ യേശുക്രിസ്തുവിന്റെ ആടുകളായിരിക്കുന്ന ദൈവമക്കളെ സംബന്ധിച്ചടത്തോളം ഏററവും അർത്ഥവത്തായ ഒരു അനുഭവമാണ്, സുരക്ഷിതത്വം. നമ്മുടെ സ്വസ്ഥതയെയും വിശ്രമത്തെയും അലട്ടുകയും അരോചകപ്പെടുത്തുകയും ചെയ്യുന്ന അനേകവിധ ശക്തികൾ ഈ ലോകത്തിലുണ്ട്. നമ്മെ അസഹ്യപ്പെടുത്തുകയും വേദനപ്പിക്കുകയും ചെയ്യുന്ന വിവിധ കാര്യങ്ങൾ ഉണ്ടാകാറുണ്ട്. നാം ഈ ലോകത്തിലായിരിക്കുന്നിടത്തോളം അതിനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ടെന്നുള്ളത് നിഷേധിക്കുവാൻ കഴിയുകയില്ല. നമ്മുടെ ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന ചെറിയ ചെറിയ കാര്യങ്ങളാണ് അധികം ശ്രദ്ധിക്കേണ്ടത്. ചില കാര്യങ്ങൾ നമ്മെ വേദനിപ്പിക്കുകയും നമുക്ക് അസ്വസ്ഥത ഉളവാക്കുകയും ചെയ്യുന്നു. ചിലത് നമ്മെ വല്ലാതെ മുറിപ്പെടുത്തുന്നു. നമ്മുടെ ഇടയനായ കർത്താവ് എന്റെ ആടുകൾക്കുവേണ്ടിയുള്ള തൊഴുത്തു വളരെ നന്നായും ശുദ്ധമായും തന്നെ സംരക്ഷിക്കുന്നു. എന്നതിനാൽ ആ തൊഴുത്തിൽ നിന്നും ഉപദ്രവങ്ങൾ ഒന്നും ഉണ്ടാകില്ല. ദൈവജനത്തിന്റെ യഥാർത്ഥ അനുഭവത്തെ കാണിക്കുന്ന ഒരു ചിത്രമാണിത്, ചുററുപാടുകളിൽ ഉളവാകുന്ന ദുഷ്ടതകൾ ദൈവജനത്തെ ബാധിക്കുന്നു. അത് അവരെ വേദനിപ്പിക്കുകയും വിശ്രമം ലഭിക്കാത്ത അവസ്ഥയിലാകുകയും ചെയ്യുന്നു.

തുടരും....